MATH MARVEL

# മാത്തമാറ്റിക്കൽ ഒളിംപ്യാഡിൽ മലയാളിത്തിളക്കം



സഞ്ജന

ഫ്രാൻസിൽ നടന്ന യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്കൽ ഒളിംപ്യാഡിൽ മലയാളി വിദ്യാർഥിനി സഞ്ജന ചാക്കോയ്ക്കു വെള്ളി മെഡൽ. തിരുവനന്തപുരം മുക്കോല സെന്റ് തോമസ് റസിഡൻഷ്യൽ സ്കൂൾ വിദ്യാർഥിനിയാണ്. യൂറോപ്യൻ ഗേൾസ് മാത്തമാറ്റിക്സ് ഒളിംപ്യാഡിൽ കഴിഞ്ഞ രണ്ടു വർഷവും സഞ്ജന വെള്ളി നേടിയിരുന്നു.

പോത്തൻകോട് സ്വദേശികളായ ജോസഫ് സിജു ചാക്കോയുടെയും അനു അന്ന ജോസഫിന്റെയും മകളാണ്. മുംബൈയിൽ നിന്നുള്ള ശ്രേയ മുന്ദ്ര, ചെന്നൈ സ്വദേശി ശിവാനി ഭരത് കുമാർ, കൊൽക്കത്ത സ്വദേശിനി ശ്രീമൊയ് ബേര എന്നിവരും കൂടി ഉൾപ്പെടുന്ന സംഘമാണ് ഒളിംപ്യാഡിൽ പങ്കെടുത്തത്. വ്യക്തിഗത വിഭാഗത്തിൽ ശ്രേയ സ്വർണവും സഞ്ജന വെള്ളിയും ശിവാനി വെങ്കലവും സ്വന്തമാക്കി. ടീം വിഭാഗത്തിൽ ഇന്ത്യ ആറാം സ്ഥാനം നേടി. പ്രധാനമന്ത്രി നരേന്ദ്ര മോദി 'മൻ കി ബാത്തി'ൽ സഞ്ജനയെ അഭിനന്ദിച്ചു.